**ഓം ശ്രീ സായിരാം**

# സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 16A

## വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ–ഡിസംബർ 2001

**പ്രഫസർ അനിൽകുമാർ**
**ഫെബ്രുവരി 18, 2003**

*പ്രഫസർ അനിൽകുമാർ അദ്ദേഹത്തിന്റെ പ്രഭാഷണം ഒരു അധിക സത്സംഗമായാണ് അവതരിപ്പിച്ചത്. ബാബ പ്രശാന്തിനിലയത്തിലെ വരാന്തയിൽ അപരാഹ്നവേളകളിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അവതരിപ്പിക്കുകയാണ് അദ്ദേഹം. ഈ പ്രഭാഷണങ്ങൾ തുടരും.*

ഓം.... ഓം.... ഓം....

നിങ്ങൾക്കെല്ലാവർക്കും സായിരാം!

ഭഗവാന്റെ പാദാരവിന്ദങ്ങളിൽ പ്രണാമങ്ങളോടെ,

പ്രിയ സഹോദരീ സഹോദരന്മാരേ!

ഭഗവാൻ 2001-ൽ പ്രശാന്തിനിലയത്തിലെയും സായികുൽവന്ത് ഹാളിലെയും വരാന്തയിൽ വച്ച് വിദ്യാർത്ഥികളുമായും അദ്ധ്യാപകരുമായും നടത്തിയ എല്ലാ സംഭാഷണങ്ങളിലൂടെയും നമ്മൾ കടന്നുപോവുകയായിരുന്നു. എന്റെ അറിവുവച്ച്, നമ്മൾ 2002-ലെ എല്ലാ സംഭാഷണങ്ങളും പൂർത്തിയാക്കി, 2001-ലെ ഏതാനും മാസങ്ങളും-ജൂൺ, ജൂലൈ, നവംബർ-തീർത്തു. ഇത് സാധിപ്പിച്ചുതന്നതിന് ഞാൻ ശരിക്കും ഭഗവാന് നന്ദി പറയുകയാണ്. ഇത് ഒരിക്കൽ സാധിക്കുമെന്ന് ഞാൻ സ്വപ്നത്തിൽക്കൂടി കരുതിയതല്ല. ഭഗവാന്റെ സംഭാഷണങ്ങൾ തെലുങ്ക് *സനാതനസാരഥി*യിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട് എന്നറിഞ്ഞ് അതിന്റെ ഇംഗ്ലീഷ് പതിപ്പിനായി നിരവധി ഇംഗ്ലീഷ് വായനക്കാർ എന്നോട് ആവശ്യപ്പെടുകയുണ്ടായി. അത് നോക്കട്ടെ എന്ന് ഞാനവരോട് മറുപടി പറയുകയുണ്ടായി. രണ്ടര കൊല്ലങ്ങൾ കഴിഞ്ഞ്, ഇപ്പോൾ അത് സംഭവിച്ചിരിക്കുന്നു. അതുകൊണ്ടാണ് സ്വാമി പറയുന്നത്,



'കാര്യങ്ങൾ സംഭവിക്കുന്നതിനും നിറവേറുന്നതിനും ഒരു കൃത്യസമയമുണ്ട്' എന്ന്. അതിനാൽ, ഭഗവാന്റെ കരങ്ങളിലെ ഉപകരണങ്ങളായിത്തീർന്നതിനും ഈ പദ്ധതി പൂർത്തിയാക്കുന്നതിനും നിങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്.

## ഡിസംബർ 2001

### നിവർന്നിരിക്കുക, നിങ്ങൾ നടു വളയ്ക്കരുത്

2001 ഡിസംബറിൽ നടന്നതാണിത്. ഉച്ചകഴിഞ്ഞ്, പതിവുപോലെ, ഭഗവാൻ മന്ദമായി, സാവധാനം, രാജകീയമായി മൃദുസ്മേരവദനനായി നടന്നുവന്ന് അവിടുത്തെ സിംഹാസനത്തിൽ ഉപവിഷ്ടനായി. മുമ്പിൽ ഇരിക്കുകയായിരുന്ന ഒരു ആൺകുട്ടിയെ അവിടുന്ന് നോക്കി. ആ കുട്ടി അവന്റെ പുറം കൂനിയാണ് ഇരുന്നിരുന്നത്.




ഉടനെ സ്വാമി അവനോട് പറഞ്ഞു, "നേരേ ഇരിക്ക്! നീ മുതുക് വളയ്ക്കരുത്. നിവർന്ന് ഇരിക്കുക. എന്തുകൊണ്ടെന്നോ? സുഷുമ്നാനാഡിയിലൂടെ രക്തചംക്രമണം സുഗമമാവണം. നിങ്ങൾ ഇങ്ങനെ വളഞ്ഞിരുന്നാൽ, അതൊരു പ്രശ്നമായിത്തീരും. കൂടാതെ, വളഞ്ഞ സുഷുമ്നാനാഡി ഓർമ്മക്കുറവിലേക്ക് നയിക്കും. നിങ്ങൾ പ്രായം കുറഞ്ഞ വിദ്യാർത്ഥികൾക്ക് ഓർമ്മ നഷ്ടമായിക്കൂടാ. തന്നെയുമല്ല, ഒരു അപകടത്തിൽ സുഷുമ്നാനാഡിക്ക് പരിക്ക് പറ്റിയാൽ, അത് വളരെ ഗുരുതരമാവും, ചിലപ്പോൾ മരണത്തിൽപ്പോലും കലാശിക്കും. അതിനാൽ, സുഷുമ്നാനാഡി വളരെ പ്രധാനപ്പെട്ടതാണ്, നിങ്ങളത് വളരെ ശ്രദ്ധിക്കണം." ഇപ്രകാരമാണ് ഭഗവാൻ അരുളിയത്.

### ശ്രദ്ധയോടെ സംസാരിക്കുക, നാവിന്റെ പിഴ തിരിച്ചെടുക്കാനാവില്ല

ഇതിനു പുറമെ ഭഗവാൻ അരുളി, "കുട്ടികളേ, നിങ്ങൾ പരസ്പരം സംസാരിക്കുന്നത് ഞാൻ കാണുന്നു. നിങ്ങൾ സംസാരിക്കുമ്പോൾ വളരെ ശ്രദ്ധിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ മധുരമായും മൃദുവായും സംസാരിക്കണം എന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. അസത്യത്തിനോ വിമർശനത്തിനോ കുറ്റപ്പെടുത്തലിനോ പഴിക്കോ ഉള്ള ഒരു സാധ്യതയ്ക്കും ഇടം കൊടുക്കരുത്. പാടില്ല. അതുകൊണ്ട്, നിങ്ങൾ സംസാരിക്കുമ്പോൾ വളരെ ശ്രദ്ധിക്കണം. ഇനി, നിങ്ങൾക്ക് അബദ്ധം പറ്റിയെന്നു കരുതുക. നിങ്ങൾക്ക് നിങ്ങ

ളുടെ പാദം കഴുകാനാവും, എന്നാൽ ഒരു നാവുപിഴ- ഒരിക്കൽ നിങ്ങൾക്ക് പിഴച്ചാൽ, നിങ്ങൾക്കത് പൂർവസ്ഥിതിയിലാക്കാനാവില്ല. നിങ്ങൾക്കത് തിരിച്ചെടുക്കാനാവില്ല. അതു കൊണ്ട്, നിങ്ങൾ വളരെ ശ്രദ്ധിക്കണം.''




## ഒരു ഓട്ടമത്സരത്തിന് ഞാൻ തയ്യാറാണ്



എന്നിട്ട്, സ്വാമി ചുറ്റും നോക്കിയപ്പോൾ, ഇരുവശ ത്തേക്കും തല തിരിച്ച് നോക്കിയപ്പോൾ, അവി ടുന്ന് ഒരു പ്രായം ചെന്ന മനുഷ്യനെ കണ്ടിട്ട് പറ ഞ്ഞു, ''കുട്ടികളേ, നിങ്ങൾ അദ്ദേഹത്തെ കണ്ടോ, അദ്ദേഹത്തിന് എന്റെ പ്രായമാണ്. നോക്കൂ, അയാ ളെത്ര കൂനിയിരിക്കുന്നു എന്ന്, അയാളുടെ കൈകാലുകൾ വാൾ ക്ലോക്കിന്റെ പെൻഡുലം പോലെ ആടുന്നതു കണ്ടോ? നോക്കൂ, അയാ

ളെങ്ങനെയെന്ന്; അയാളെ ശ്രദ്ധിക്കൂ. എനിക്ക് എന്റെ വയസ്സിനൊപ്പം പ്രായം തോന്നിക്കുമോ? ഇല്ല. ഇപ്പോഴും, ഞാൻ ഒരു ഓട്ടമത്സരത്തിന് തയ്യാറാണ്. എനിക്ക്, ഒരു കാലത്തും, എന്തെങ്കിലും അനാരോഗ്യമോ രോഗങ്ങളോ ഇല്ല. ഞാൻ ഒരു ഓയിന്റ്മെന്റും പുരട്ടാറില്ല. ഞാൻ ഒരു മരുന്നും കഴിക്കാറില്ല.''



## സ്വാമി ഭക്തരുടെ അസുഖങ്ങൾ സ്വയം ഏറ്റെടുക്കുന്നു

ദയവായി സ്വാമിയുടെ ഈ പ്രസ്താവന അടിവരയിട്ടോളൂ, കാരണം അത് ലോകമെമ്പാടുമുള്ള സായീഭക്തർക്ക് വളരെ പ്രധാനപ്പെട്ടതാണ്.

''പക്ഷേ, ഭക്തരുടെ അസുഖം സ്വീകരിക്കുമ്പോൾ എനിക്ക് അസുഖമുള്ളതുപോലെ തോന്നിച്ചേക്കാം. ഞാൻ എന്റെ ഭക്തരുടെ രോഗം സ്വീകരിക്കുകയോ സ്വയം ഏറ്റെടുക്കുകയോ ചെയ്യുമ്പോൾ, ഞാൻ രോഗഗ്രസ്തനായി കാണപ്പെട്ടേക്കാം, പക്ഷേ അതെന്തായാലും കാര്യമുള്ളതല്ല.''

ഈ അവസരത്തിൽ ഭഗവാൻ ബിദ്ദള കിഷ്ടപ്പ എന്ന ഭക്തനെപ്പറ്റി പരാമർശിക്കുകയുണ്ടായി. അവിടുന്ന് അയാളെപ്പറ്റി പറയാൻ തുടങ്ങി.



'ബിദ്ദള' എന്നാൽ കുട്ടികൾ എന്നാണർത്ഥം. ബിദ്ദള കിഷ്ടപ്പയ്ക്ക് ഒത്തിരി കുട്ടികളുണ്ടായിരുന്നു, നിരവധി. ഭഗവാൻ കളിയായി പറഞ്ഞു തുടങ്ങി, ''കിഷ്ടപ്പ മക്കളുമൊത്ത് കാന്റീനിലേക്ക് പോകുന്നതു കണ്ടാൽ പ്രാഥമിക സ്കൂളിലെ ടീച്ചർ തന്റെ കുട്ടികളെ ക്ലാസ്സ്റൂമിലേക്ക് കൊണ്ടുപോവുകയാണെന്നു തോന്നും.''

അപ്രകാരമാണത് തോന്നിച്ചിരുന്നത്. ഈ കിഷ്ടപ്പ നെയ്ത്തുകൊണ്ടാണ് ജീവിച്ചിരുന്നത്; ഒരു നെയ്ത്തുകാരനായിരുന്നു അയാൾ. സാരികൾ നെയ്ത് വിറ്റിട്ടാണ് അയാൾ ഉപജീവനം കഴിച്ചിരുന്നത്.

അങ്ങനെയിരിക്കെ ഒരു ദിവസം കിഷ്ടപ്പയ്ക്കും അയാളുടെ കുറെ കുട്ടികൾക്കും ഗുരുതരമായ ഏതോ രോഗം ബാധിച്ചു; ഭഗവാൻ സ്വയം ആ മനുഷ്യന്റെ അസുഖം ഏറ്റെടുത്തു.

ക്ഷമിക്കണം, ഞാൻ ഭഗവാന്റെതന്നെ വാക്കുകൾ ഉദ്ധരിക്കുകയാണ്. ഇവിടെ കുറിക്കുന്ന ഓരോന്നും ഭഗവാന്റെ മുഖത്തുനിന്നാണ്-ഒന്നും കല്പനയല്ല; ഒരു കൃത്രിമവുമില്ല. ഞാനിത് നിങ്ങളോട് പറയുന്നത്, നിങ്ങൾ എന്നെ ചോദ്യം ചെയ്യാതിരിക്കുന്നതിനാണ്, എന്റെ പ്രസ്താവനകൾ നിങ്ങൾ സംശയിക്കാതിരിക്കുന്നതിനുവേണ്ടിയാണ്. ഇത് ഭഗവാനിൽനിന്നും നേരിട്ടുള്ളതാണ്.

അതുകൊണ്ട്, കിഷ്ടപ്പയെയും അയാളുടെ മക്കളെയും രക്ഷിക്കുന്നതിനായി, കിഷ്ടപ്പയുടെ ഗുരുതരമായ രോഗം അവിടുന്ന് സ്വയം ഏറ്റെടുക്കുകയും 15 ദിവസത്തേക്ക് ഒരു സ്പൂൺ വെള്ളം പോലും കുടിക്കാതിരിക്കുകയും ചെയ്തു.

പട്ടേൽ എന്നു പേരുള്ള ഒരു ഡോക്ടറുണ്ടായിരുന്നു, അദ്ദേഹം അവിടുത്തെ രോഗം ശമിക്കുന്നതിനായി ഗുളികകൾ നൽകി. സ്വാമി പറഞ്ഞു, "ഞാൻ അവ എറിഞ്ഞുകളയുകയായിരുന്നു പതിവ്." ഞാൻ ഒരു കാലത്തും ഗുളികകൾ കഴിച്ചിരുന്നില്ല.

അതിനാൽ, ഞാൻ രോഗിയായി കാണപ്പെട്ടേക്കാം, പക്ഷേ അത് എന്റെ രോഗം കൊണ്ടല്ല. അത് ഞാൻ സ്വയം ഏറ്റെടുക്കുന്ന എന്റെ ഭക്തരുടെ രോഗം കാരണമാണ്."

## ഞാൻ ഒരിക്കലും മധുരം രുചിച്ചിട്ടില്ല

എന്നിട്ട് അവിടുന്ന് സ്വന്തം ബാല്യകാലത്തെപ്പറ്റി സംസാരിച്ചു, അവിടുന്നിന് ഭ്രാന്താണെന്ന് ആളുകൾ കരുതിയപ്പോൾ അവർ മരുന്നുകൾ കൊടുക്കാനാരംഭിച്ചു.




ഭഗവാൻ പറഞ്ഞു, "ആരെങ്കിലും എന്റെയടുത്തു വരുമ്പോൾ, ഞാനെന്റെ വായ മുറുക്കി അടയ്ക്കും."

എന്നിട്ട് അവിടുന്ന് പരാമർശിക്കുകയാണ്, "ഒരിക്കൽ ഞാനെന്റെ വായ മുറുക്കെയടച്ചാൽ, കിങ് കോങ്ങിനുപോലും അത് തുറക്കാനാവില്ല! അസാദ്ധ്യമാണത്."

തന്നെപ്പറ്റിത്തന്നെ അവിടുന്ന് അരുളുകയാണ്, "ഞാൻ ഒരു മധുരവും ഒരിക്കൽപ്പോലും തൊടുകയോ രുചിക്കുകയോ ചെയ്തിട്ടില്ല, ഒരു മിഠായി പോലും. ഇല്ല. ഞാൻ പുതിനമിഠായിയോ ബിസ്കറ്റോ ഒരിക്കൽപ്പോലും കഴിച്ചിട്ടില്ല. ഞാൻ കഴിക്കുന്ന ഇഡ്ഢലിയുടെ വലിപ്പം നിങ്ങൾക്കറിയാമോ?"

എന്നിട്ട് അവിടുന്ന് പറഞ്ഞു, "അനിൽകുമാറിന് അറിയാം ഞാൻ കഴിക്കുന്ന ഇഡ്ഢലിയുടെ വലിപ്പം."

എനിക്കറിയാം, കാരണം ഞാൻ നിരവധി തവണ സ്വാമിയുമൊത്ത് ആഹാരം കഴിച്ചിരിക്കുന്നു. അവിടുത്തെ ഇഡ്ഢലിയുടെ വലിപ്പം ഒരു ചെറുവിരലിനോളം വരില്ല.

എന്നിട്ടും, അവിടുന്ന് പറഞ്ഞു, "തീരെ ചെറിയ വലിപ്പം."

## ഞാൻ കഴിക്കുന്ന ആഹാരം 40 കലോറി വരില്ല

എന്നിട്ട്, അവിടുന്ന് പരാമർശിക്കുകയുണ്ടായി, "എങ്ങനെയോ, എനിക്ക് ആഹാരത്തോട് അധികം താത്പര്യമില്ല. ഞാൻ ഡൈനിംഗ് ടേബിളിലേക്ക് ചെല്ലാൻ കാരണം അതിഥികളെ സത്കരിക്കാനാണ്. അവർക്ക് കഴിക്കണമല്ലോ. അവർക്ക് കൂട്ട് വേണമല്ലോ, അതി



നാണ് ഞാനവിടെ ഇരിക്കുന്നത്. എന്നാൽ, എനിക്ക് ആഹാരം ഇഷ്ടമില്ല. അവിടെ വിളമ്പുന്ന ഇനങ്ങളോടൊക്കെ സത്യത്തിൽ എനിക്ക് താത്പര്യമില്ലായ്മയാണ് തോന്നുക. എനിക്ക് താത്പര്യമില്ല."

വീണ്ടും, അവിടുന്ന് പറയുകയാണ്, "ഞാൻ ചെയ്യുന്ന ജോലിക്ക്, ഒരു ശാസ്ത്രജ്ഞന്റെ കണക്കുകൂട്ടലിന്, എനിക്ക് ദിവസേന 2000 കലോറിയെങ്കിലും വേണം; എന്നാൽ ഞാൻ കഴിക്കുന്ന ആഹാരം 40 കലോറിയിലധികം വരില്ല. എനിക്കെങ്ങനെ ജോലിയെടുക്കാനാവുന്നു? നിങ്ങൾ കാണുന്നുണ്ടോ? മുഴുവൻ ആശ്രമവും ഞാനാണ് നോക്കിനടത്തുന്നത്. ഇന്റർനാഷണൽ സായി ഓർഗനൈസേഷൻ ഞാൻ ഒറ്റയ്ക്കാണ് നോക്കിപ്പോരുന്നത്. എല്ലാ പ്രവർത്തനങ്ങളും പരസഹായമില്ലാതെയാണ് നിർവഹിക്കുന്നത്. നിങ്ങളതിന് സാക്ഷികളാണ്." ഇപ്രകാരമാണ് ബാബ പറഞ്ഞത്.

അപ്പോൾ ഞാൻ പറഞ്ഞു, "സ്വാമീ, അസാധ്യം! ഞങ്ങളുടെ കാര്യത്തിൽ, ഇത് നേരേ മറിച്ചാണ്. ഞങ്ങൾക്ക് ഒത്തിരി കഴിക്കേണ്ടിവരും. അവിടുന്നിനെപ്പോലെ ആഹാരം കഴിക്കുകയെന്നത് ഞങ്ങൾക്ക് സാധ്യമല്ല. ഇല്ല, ഞാൻ ക്ഷമ പറയട്ടെ."

അപ്പോൾ ബാബ ചിരിച്ചിട്ട് പറഞ്ഞു, "ഞാൻ എന്താണ് കഴിക്കുന്നത് എന്ന് നിങ്ങളോട് പറഞ്ഞതാണ്. എന്നെപ്പോലെ കഴിക്കണം എന്ന് ഒരിക്കലും ഞാൻ നിങ്ങളോട് പറഞ്ഞിട്ടില്ല. നിങ്ങൾ നിങ്ങളുടെ രീതിയിൽ കഴിച്ചോളൂ. പരിഭ്രമിക്കേണ്ട."

അവസാനമായി അവിടുന്ന് പറഞ്ഞു, "ഇനി, ഞാൻ കുറച്ചുമാത്രം റാഗിക്കഞ്ഞിയും അൽപം നിലക്കടല ചട്നിയുമാണ് കഴിക്കുക, ഈ അനിൽകുമാറിനാവട്ടെ എപ്പോളും തെക്കേ ഇന്ത്യൻ, ചൂടുള്ള, എരിവും മസാലയുമുള്ള അച്ചാർ വേണം."

അപ്പോൾ ഞാൻ പറഞ്ഞു, "സ്വാമീ, ഡൈനിംഗ് ടേബിളിൽ എന്റെ ശൗര്യവും ധൈര്യവും പ്രദർശിപ്പിക്കുകയാണ്."

എല്ലാവരും ഹൃദ്യമായ ചിരിയിൽ പങ്കുചേർന്നു.

ഭഗവാൻ പറഞ്ഞു, "എന്റെ ഭാരം നോക്കൂ-കഴിഞ്ഞ 60 കൊല്ലക്കാലമായി അത് 108 പൗണ്ട് മാത്രമായി തുടരുകയാണ്."

അഷ്ടോത്തരം പോലെ-ഭഗവാന്റെ 108 നാമങ്ങളുള്ള സ്തോത്രമാണ് അഷ്ടോത്തരം-സ്വാമിയുടെ ഭാരവും 108 പൗണ്ടാണ്.

## എന്റെ രക്തസമ്മർദ്ദം സ്ഥിരമാണ്

വീണ്ടും അവിടുന്ന് പറഞ്ഞു, "എന്റെ ബ്ലഡ് പ്രഷർ സ്ഥിരമാണ്. അത് ഒരിക്കലും കൂടുതലോ കുറവോ അല്ല. ഒരു പ്രഭാഷണത്തിനു ശേഷം പോലും അത് ഒരിക്കലും മാറാറില്ല. സാധാരണായി, ഒരു പ്രഭാഷണത്തിനു ശേഷം അത് ഉയരേണ്ടതാണ്; എന്നാൽ അത് മാറില്ല. അത് സ്ഥിരമായി നിൽക്കുന്നു."

ഉടനെ ഞാൻ പറഞ്ഞു, "സ്വാമീ, അമ്പതു കൊല്ലം മുമ്പ് അവിടുന്നിനെ ദർശിച്ച ഭക്തർ, അവർ തിരിച്ചെത്തുമ്പോൾ, എപ്പോഴും പറയും, 'നോക്ക്, നമുക്കൊക്കെ പ്രായമായി. നമ്മൾ വൃദ്ധരായി, പക്ഷേ ബാബ അങ്ങനെതന്നെ. അവിടുന്ന് അന്നത്തേതുപോലെ, നമ്മളോ ക്ഷീണിതരും."

ആനുഷംഗികമായി, ഭഗവാൻ പരാമർശിച്ച മറ്റൊരു കാര്യവും നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തട്ടെ: "ഞാൻ ഒരു പഴവും തൊടാറില്ല. ഞാൻ ഇളനീര് കുടിക്കാറില്ല."



*പൂർണചന്ദ്ര ആഡിറ്റോറിയത്തിൽ, 2001 ഡിസംബർ 17*

നന്നായി, എന്റെ ചങ്ങാതിമാരേ, ഇതുപോലെ ജീവിക്കാനാവുന്ന, ഇത്തരം ആഹാരശീലങ്ങളുള്ള, ഒരു സ്പൂൺ റാഗിക്കഞ്ഞിയുമായി, മധുരം തൊടാതെ, പഴങ്ങളൊന്നും തൊടാ

തെ, ഇളനീര് ഇല്ലാതെ, ഐസ്ക്രീം കൂടാതെ, ഒന്നും കൂടാതെ-24 മണിക്കൂറും ജോലി ചെയ്യുന്ന, ഒരു മനുഷ്യജീവിയെ നിങ്ങൾക്ക് ഈ ഭൂമിയിൽ കാണിച്ചുതരാമോ?

അതിനാൽ, അവിടുന്ന് ഈശ്വരനാണ്, നമ്മൾ മനുഷ്യരും.

## അവിടുത്തെ ശരീരം ദിവ്യം: നിറയെ ചൈതന്യം

കുറെ വർഷം മുമ്പ്, ഒരു പ്രായം ചെന്ന മനുഷ്യൻ, കാരുണ്യാനന്ദ എന്നു പേരുള്ള ഋഷിതുല്യനായ ഒരാൾ സ്വാമിക്കൊപ്പം ജീവിച്ചിരുന്നു. നിങ്ങളിൽ ചിലരൊക്കെ അദ്ദേഹത്തെ, കാരുണ്യാനന്ദ എന്ന ആ കാഷായധാരിയെ, കണ്ടിട്ടുണ്ടാവും. അദ്ദേഹം



*സ്വാമി കാരുണ്യാനന്ദ സ്വാമിക്കൊപ്പം*

എപ്പോഴും എന്നോട് പറയുമായിരുന്നു, “സ്വാമിയുടെ ശരീരം മനുഷ്യശരീരമാണെന്ന് ഒരിക്കലും തെറ്റിദ്ധരിക്കരുത്! അല്ല. അവിടുത്തെ ശരീരം നിറയെ ചൈതന്യമാണ്. തിരുശരീരം ദിവ്യമാണ്, നമ്മുടെ ശരീരമോ കേവലം മാനുഷികവും.”

അതിനാൽ, ഭഗവാന്റെ ശരീരവും നമ്മുടെ ശരീരവും തമ്മിൽ താരതമ്യപ്പെടുത്താതിരിക്കുക. അവ തികച്ചും വ്യത്യസ്തങ്ങളാണ്.



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)